# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4374 — 21/03/2018 ൽ മറുപടിയ്ക്ക്

### പബ്ലിക് റിലേഷൻസ് സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്തെ പബ്ലിക് റിലേഷൻസ് സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത സംവിധാനത്തിൽ പ്രൊഫഷണൽ സമീപനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) | ആഗോളവത്ക്കരണകാലത്ത് ബദൽ നയങ്ങളുയർത്തി മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ ബഹുമുഖങ്ങളായ വികസന- ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ, എല്ലാവിഭാഗം ജനങ്ങളിലും യഥാസമയം, കൃത്യതയോടെ എത്തിക്കുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് ഉത്തരവാദിത്തമുണ്ട്. അതുകൊണ്ടുതന്നെ കാലാനുസൃതമായി ശാസ്ത്രീയവും നൂതനവുമായ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് വകുപ്പിനെ ശക്തിപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വ്യവസ്ഥാപിതമായ പ്രചരണ പരിപാടികൾ, ക്യാമ്പയിനുകൾ എന്നിവയ്ക്കുപകരം ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ പബ്ലിക് റിലേഷൻസ് രീതികൾ ആവിഷ്കരിച്ച് വകുപ്പിനെ പ്രൊഫഷണലൈസ് ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.<br><br>ഐ&പി.ആർ.ഡിയുടെ സേവനങ്ങൾ കാലാനുസൃതമായി മാറ്റംവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു വർഷത്തെ മീഡിയ പ്ലാൻ തയ്യാറാക്കി, അതിനനുസൃതമായ പ്രവർത്തനങ്ങളാണ് വകുപ്പ് ഇന്ന് നടത്തി വരുന്നത്.<br><br>ജനകീയാസൂത്രണം രണ്ടാംഘട്ടം ആരംഭിച്ചതോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലടക്കം മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. അവയിൽ അനുകരണീയമായ മാതൃകകൾ ജനങ്ങളിലെത്തിക്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്തമാണ്. ഈ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'പ്രിസം' പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. സർക്കാർ വാർത്തകൾ ജനങ്ങളിലെത്തിക്കുന്നതിനൊപ്പം സർക്കാരിന്റെ പ്രവർത്തനങ്ങൾ/പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങൾ ഗ്രാമതലം മുതൽ സ്വരൂപിക്കുന്നതിനും അവ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമുള്ള ഫലപ്രദമായ ഫീഡ് ബാക്ക് മെക്കാനിസവും ഇതുവഴി സാധ്യമാകും.<br><br>പത്രപ്രവർത്തക-പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷനടക്കമുള്ള ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി പി ആർ ഡി യിൽ ഒരു |

| | | |
|---|---|---|
| | | ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ചു കൊണ്ട് ഒരു പുതിയ വിഭാഗം തന്നെ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്.<br><br>പത്രപ്രവർത്തകരുടെ അക്രഡിറ്റേഷൻ, പെൻഷൻ എന്നിവ ഓൺലൈൻ സംവിധാനത്തിലാക്കി മാത്രമല്ല, വകുപ്പിന്റെ പ്രചരണസാമഗ്രികൾ, പത്രക്കുറിപ്പുകൾ എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നതിനു മൊബൈൽ ആപ്പുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ പ്രധാന വികസന പദ്ധതികൾ, നയങ്ങൾ എന്നിവയിൽ അഭിപ്രായ രൂപീകരണത്തിനായി അതത് രംഗത്തെ വിദഗ്ധരുമായും പൊതുജനങ്ങളുമായും സംവദിക്കുന്നതിനു 'നാം മുന്നോട്ട്' എന്ന പേരിൽ ഒരു ടോക് ഷോ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മുൻനിര ദൃശ്യമാധ്യമങ്ങളിൽ അവ സംപ്രേക്ഷണം ചെയ്യുന്നതുവഴി സർക്കാർ നടപ്പാക്കുന്ന പുരോഗമന പരമായ ബദൽ നയങ്ങൾ മുഴുവൻ ജനങ്ങളിലും എത്തിക്കാനാകും.<br><br>വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പ്രചരണത്തിനു ഏകീകൃത രൂപം നൽകാനായി അതത് വകുപ്പുകളിലെ പബ്ലിക് റിലേഷൻ വിഭാഗം / പി.ആർ.ഒ. മാരുടെ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനു ആലോചിച്ചിട്ടുണ്ട്.<br><br>സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിയിപ്പുകൾ ഫലപ്രദമായി ജനങ്ങളിൽ എത്തിക്കുന്നതിനായി അച്ചടി മാധ്യമങ്ങൾക്കുപരി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചരണത്തിനും മുൻതൂക്കം നൽകുന്നുണ്ട്.<br><br>വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, മേഖലാ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഡയറക്ടറേറ്റിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സാമൂഹ്യമാധ്യമങ്ങൾ പൊതുഇടങ്ങളായി മാറികൊണ്ടിരിക്കുന്നകാലമാണിത്. അതുകൊണ്ട് തന്നെ ജനാഭിപ്രായം സ്വരൂപിക്കുന്നതിൽ അതിനു വലിയ പങ്കുണ്ട്. ഈ മാധ്യമം വഴി പ്രചരിക്കുന്ന അവാസ്തവവും തെറ്റിദ്ധാരണാജനകവുമായ വാർത്തകളെ പ്രതിരോധിക്കുന്നതിനായി വകുപ്പിനു കീഴിലൊരു ഔദ്യോഗിക സാമൂഹ്യമാധ്യമ സെല്ലിനു രൂപം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**